## കൈത്താക്കാലം ആറാം ഞായർ - 2016 ആഗസ്റ്റ് 7

(ലൂക്കാ 17: 11-19)

**വചനസന്ദേശം: റവ.ഫാ. ഡിനോ മാണിക്കത്താൻ**

"കർത്താവിനു കൃതജ്ഞത അർപ്പിക്കുവിൻ. അവിടുന്നു നല്ലവനാണ്. അവിടുത്തെ കാരുണ്യം എന്നേയ്ക്കും നിലനില്ക്കുന്നു" (സങ്കീ. 118:1).

ജീവിതത്തിൽ നാം കാത്തുസൂക്ഷിക്കേണ്ട നന്ദിയുടെ മനോഭാവത്തെക്കുറിച്ചാണ് ഇന്നത്തെ തിരുവചനം നമ്മോടു സംസാരിക്കുക. സൗഖ്യമാക്കപ്പെടണമെന്നു തീവ്രമായി ആഗ്രഹിച്ച പത്തു കുഷ്ഠരോഗികൾ അലമുറയിട്ടു കരയുന്നുണ്ട്; യേശുവേ, ഗുരോ ഞങ്ങളിൽ കനിയണമേ എന്ന്. പക്ഷേ, സൗഖ്യം സ്വന്തമാക്കിയപ്പോൾ നന്ദിയുടെ സ്വരമുയർത്താൻ ഒരാൾ മാത്രമാണു മടങ്ങി വന്നത്. ഒരു വിജാതീയൻ മാത്രം. ആവശ്യങ്ങളിൽ മാത്രം ദൈവത്തെ തേടുന്ന, എന്നാൽ അനുഗ്രഹങ്ങളുടെ സമൃദ്ധിയിൽ ദൈവത്തെ വിസ്മരിച്ചു കളയുന്ന നമ്മുടെയൊക്കെ പ്രതീകമാണ് ഒമ്പതു കുഷ്ഠരോഗികൾ. ഈ ഒമ്പതു പേരിൽ നിന്നു വിജാതീയനായ ആ ഒരു കുഷ്ഠരോഗിയിലേക്കുള്ള വളർച്ചയാണു ദൈവം നമ്മിൽനിന്നാഗ്രഹിക്കുന്നത്.

മൂന്നു ചിന്തകളാണ് ഇന്നത്തെ സുവിശേഷം നമ്മുടെ മുമ്പിൽ വയ്ക്കുന്നത്.

1. അകലങ്ങളിലായിരിക്കുന്നവരുടെ നിലവിളി കേട്ട് അവരെ അകത്താക്കുക.

ലൂക്കാ 17:12. "അകലെ നിന്നിരുന്ന പത്തു കുഷ്ഠരോഗികൾ അവനെ കണ്ടു." കുഷ്ഠരോഗികൾ എപ്പോഴും അകലങ്ങളിലേക്കു മാറ്റപ്പെട്ടവരാണ്. സ്പർശന-ദർശന സുഖങ്ങൾ നിഷേധിക്കപ്പെട്ടവർ, സമൂഹത്തിന്റെ സന്തോഷങ്ങളിൽ നിന്നും ആഘോഷങ്ങളിൽനിന്നും പുറന്തള്ളപ്പെട്ടവർ. ജീവിതം ഒരുവനായി കരുതിവയ്ക്കുന്ന അനന്യമായ കരുണയുടെ പേരാണ് കൂട്ട് എന്ന് ബോബി ജോസ് കട്ടിക്കാരനച്ചൻ എഴുതിവയ്ക്കുന്നു. ഈ കാരുണ്യത്തിൽ നിന്ന് അകലങ്ങളിലേക്കു പറിച്ചു മാറ്റപ്പെട്ട ഏതൊരുവന്റെയും ഹൃദയത്തിൽ ഭൂതകാലത്തിന്റെ മധുരിക്കുന്ന ഓർമകളുണ്ട്. അതു സമ്മാനിക്കുന്ന തേങ്ങലും. പതിതരുടെയും പാവപ്പെട്ടവരുടെയും സ്നേഹിതനായി അവതരിച്ച ക്രിസ്തു അവരുടെ ഈ തേങ്ങൽ തിരിച്ചറിയുന്നു. സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുന്നു. ഒരുപക്ഷേ, നമ്മുടെ ജീവിതത്തിലും അകലങ്ങളിലേക്കു പറിച്ചു മാറ്റപ്പെട്ട പലരുമുണ്ടാകാം. ചില മുദ്രകൾ കുത്തി നമ്മുടെ ജീവിതത്തിന്റെ ആകർഷണവലയങ്ങൾക്കുമപ്പുറത്തേയ്ക്കു നാം വലിച്ചെറിഞ്ഞ ചില വ്യക്തിബന്ധങ്ങൾ ദയനീയമായി നമ്മെ നോക്കി നിലവിളിക്കുന്ന അവരുടെ ദുഃഖം തിരിച്ചറിയാൻ ക്രിസ്തുവിന്റേതുപോലെ കരുണാർദ്ര സ്നേഹം നല്കി അവരെ നമ്മുടെ സമൂഹത്തിന്റെ അകത്തളങ്ങളിലേക്കു തിരികെ കൊണ്ടുവരാൻ തിരുവചനം നമ്മോടാവശ്യപ്പെടുന്നു.

2. ജീവിതത്തിൽ ആരെയും നാം തഴയരുത്. ഒരു പക്ഷേ നാമൊരിക്കലും പ്രതീക്ഷിക്കാത്തവരായിരിക്കും നമ്മോടു നന്ദി കാണിക്കാനുണ്ടാവുക.

പത്തു കുഷ്ഠരോഗികൾ സുഖമാക്കപ്പെട്ടുവെങ്കിലും തിരികെ വന്നു നന്ദി പറയുന്നത് ഒരു വിജാതീയൻ മാത്രമാണ്. ദാനങ്ങളെ ധ്യാനിച്ച്, ധ്യാനിച്ചു ദാതാവിനെ മറന്നുപോയവരുടെ പ്രതീകമാണ് ഈ ഒമ്പതു പേരും. വി. അത്തനാസിയൂസ് പറയുന്നു, "നന്ദി പറയാൻ തിരികെ വരാത്ത ഒമ്പതു പേരും തങ്ങളെ സൗഖ്യപ്പെടുത്തിയവനേക്കാൾ തങ്ങൾക്കു ലഭിച്ച സൗഹൃദത്തെക്കുറിച്ചു കൂടുതൽ ചിന്തിക്കും. അതവരുടെ സ്വാർത്ഥതയുടെ തെളിവു കൂടിയായിത്തീരുന്നു." മറ്റുള്ളവരെ സഹായിക്കുന്നവരാണു നാം. തിരികെ സഹായിക്കുമെന്നു പ്രതീക്ഷയുള്ളവർക്കു സഹായം നല്കാൻ നാം കൂടുതൽ തീക്ഷ്ണത കാട്ടാറുണ്ട്. പക്ഷേ, പലപ്പോഴും ജീവിതത്തിന്റെ സായാഹ്നങ്ങളിൽ നന്ദി കാണിച്ചിട്ടുള്ളവർ ഒരുപക്ഷേ, നാം ഒട്ടും പ്രതീക്ഷിക്കാതിരുന്നവരാണ്. സജാതീയനെന്നോ വിജാതീയനെന്നോ നോക്കാതെ എല്ലാവർക്കും സൗഖ്യം നല്കുന്ന ഈശോ, നന്മ ചെയ്യുന്നതിൽ മുഖം നോട്ടമരുതെന്നു നമ്മെ ഓർമപ്പെടുത്തുന്നു. ജീവിതത്തിന്റെ സായംസന്ധ്യയിൽ നന്ദിയോടെ കൂടെയുണ്ടാകുന്നത് ആരായിരിക്കുമെന്നറിഞ്ഞുകൂടല്ലോ?

3. അനുഗ്രഹങ്ങളെ തിരിച്ചറിഞ്ഞു നന്ദിയുടെ ജീവിതം നയിക്കുക:

അനുഗ്രഹങ്ങൾ ആഘോഷമായി വാരിക്കൂട്ടുന്നുണ്ടെങ്കിലും അവയെക്കുറിച്ചുള്ള അവബോധമില്ലാത്തതുകൊണ്ടു പലപ്പോഴും നന്ദിയുടെ മനോഭാവം നമ്മിൽ കുറഞ്ഞുവരുന്നുണ്ട്. ആവശ്യങ്ങൾക്കുവേണ്ടി കണ്ണീരൊഴുക്കി പ്രാർത്ഥിച്ചു ദേവാലയത്തിൽ ആവശ്യം നടന്നുകഴിഞ്ഞു തിരിച്ചു വന്നു നന്ദി പറയാൻ നാം സമയം കണ്ടെത്താറില്ല. നാളിതുവരെയുള്ള ജീവിതത്തെ വിലയിരുത്തുമ്പോൾ നമ്മുടെ ജീവിതം അനുഗ്രഹപൂർണമാക്കിയ ഒരുപാടു മുഖങ്ങൾ മനസ്സിൽ തെളിയുന്നുണ്ടാകും. മാതാപിതാക്കൾ, സഹോദരങ്ങൾ, സുഹൃത്തുക്കൾ അങ്ങനെ ഒത്തിരിപേർ. പക്ഷേ, പലപ്പോഴും ഇവരിൽനിന്നുണ്ടായ ചില പോരായ്മകളുടെ പേരിൽ അവരിലൂടെ നമ്മുടെ ജീവിതത്തിലേക്കു വർഷിക്കപ്പെട്ട അനുഗ്രഹങ്ങളെ മുഴുവൻ വിസ്മരിച്ചു നന്ദിഹീനമായി പെരുമാറുന്നവരാണു നാം. ലഭിക്കപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങളെ തിരിച്ചറിയാനും നമുക്കു ചുറ്റുമുള്ളവരോടും സർവോപരി ദൈവത്തോടും നന്ദിയുള്ളവരായിരിക്കാൻ വിജാതീയനായ കുഷ്ഠരോഗി നമ്മോടാഹ്വാനം ചെയ്യുന്നു. 'തക്ക സമയത്തും തക്കവിധത്തിലും നന്ദി പറയുന്നത് ഒരു കലയാണ്" (കർദി. സൂനൻസ്).